# വോട്ടർ ഹെൽപ്പ് ലൈൻ മൊബൈൽ ആപ്പ്

വോട്ടർ ഹെൽപ്‌ലൈൻ എന്ന ആപ്പ് പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് കുടുമ്പത്തിലെ മുഴുവൻ ആളുകളുടേയും വോട്ടർ പട്ടിക പരിശോധന വീടുകളിൽ നിന്ന് തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. താഴെ പറയുന്ന കാര്യങ്ങൾ ഇതിനായി ചെയ്യുക

ആദ്യമായി കുടുമ്പത്തിലെ ഏതെങ്കിലും ഒരാളുടെ ഫോണിൽ "Voter Helpline" മൊബൈൽ ആപ്പ് പ്ലെ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക

1. ആപ്പിലെ "EVP" ബട്ടണിൽ അമർത്തുക
2. മൊബൈൽ നമ്പർ ചോദിക്കുമ്പോൾ നമ്പർ നൽകിയ ശേഷം "SEND OTP" ബട്ടൺ അമർത്തുക
3. മൊബൈലിൽ എസ് എം എസ്സ് ആയി ലഭിക്കുന്ന ഒ ടി പി നമ്പർ കൊടുത്ത ശേഷം "LOG IN NOW" ബട്ടൺ അമർത്തുക
4. അതിന് ശേഷം വരുന്ന സ്ക്രീനിലുള്ള "SEARCH BY EPIC" ബട്ടൺ അമർത്തിയ ശേഷം താങ്കളുടെ ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നമ്പർ കാർഡിലുള്ളത് പോലെ രേഖപ്പെടുത്തി "SEARCH " ബട്ടൺ അമർത്തുക
5. താങ്കളുടെ വോട്ടർ പട്ടികയിലുള്ള വിവരങ്ങൾ സ്ക്രീനിൽ കാണാനാകും, അതിന് താഴെയായി "It's Me" എന്ന ബട്ടണിൽ അമർത്തുക
6. അതിന് ശേഷം താങ്കളുടെ മൊബൈൽ നമ്പറും തിരിച്ചറിയൽ കാർഡും ബന്ധിപ്പിക്കണോ എന്ന ചോദ്യത്തിന് "YES" എന്ന് അമർത്തുക
7. അതിന് ശേഷം താങ്കളുടെ വോട്ടർ പട്ടികയിലുള്ള ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ സ്ക്രീനിൽ ലഭ്യമാകും. അവ പരിശോധിച്ച് താങ്കളുടെ വിവരങ്ങൾ ശരിയാണെങ്കിൽ "VERIFY" എന്ന ബട്ടൺ അമർത്തുകയും അതോടൊപ്പം ശരിയായ വിവരങ്ങൾക്കടിസ്ഥാനമായ ഒരു തിരിച്ചറിയൽ രേഖ അപ്‌ലോഡ് ചെയ്യുകയും വേണം.
8. വോട്ടർ പട്ടികയിലെ വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനും, ഫോട്ടോ മാറ്റി കളർ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനും വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന് തൊട്ടടുത്തുള്ള പെൻ ബട്ടൺ അമർത്തി ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം "MODIFY" എന്ന ബട്ടണിൽ അമർത്തുക
   തെറ്റുകൾ ഉണ്ടെങ്കിൽ/ഫോട്ടോ മാറ്റുന്നുണ്ടെങ്കിൽ ഏത് വിവരമാണോ തിരുത്തേണ്ടത് ടി വിവരം തിരുത്തി അതിനാധാരമായി ശരിയായ ഒരു തിരിച്ചറിയൽ രേഖ upload ചെയ്ത് Confirm ബട്ടൺ അമർത്തണം.
9. ഫോട്ടോയും, തിരിച്ചറിയൽ രേഖ ഏതാണോ വേണ്ടത് അത് മൊബൈൽ ക്യമറ ഉപയോഗിച്ച് അപ് ലോഡ് ചെയ്യുന്ന സമയത്ത് മൊബൈൽ അപ്പിൽ തന്നെ ഉള്ള ക്യാമറ ബട്ടണിൽ ക്ലിക് ചെയ്തോ, ഫോണിന്റെ മെമ്മറിയിൽ നിന്ന് ബ്രൗസ് ചെയ്തോ ഉപയോഗിക്കാം
10. തിരുത്തലുകൾ ആവശ്യമില്ലാത്തവർ ആധാർ/ഡ്രൈവിങ്ങ് ലൈസൻസ്/ ബാങ്ക് പാസ് ബുക്ക്/ പാസ് പോർട്ട്/ റേഷൻ കാർഡ് എന്നിങ്ങനെ ഏതെങ്കിലും തിരച്ചറിയൽ രേഖ നിർബന്ധമായും വോട്ടർപട്ടികയുമായി ബന്ധിപ്പിച്ചാണ് പരിശോധന (Verification) പൂർത്തിയാക്കേണ്ടത് .
11. വ്യക്തിഗത വിവരങ്ങൾ ലഭ്യമാക്കിയ ശേഷം താങ്കളുടെ പോളിംഗ് ബൂത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ വിവരങ്ങൾ യെസ്, അല്ലെങ്കിൽ നൊ എന്ന മറുപടി നൽകി സമർപ്പിക്കാവുന്നതാണ്.
12. അടുത്തതായി കുടുംമ്പത്തിലെ മറ്റുള്ള മെമ്പർമാരുടെ വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ "ADD FAMILY MEMBERS" ബട്ടൺ അമർത്തിയ ശേഷം മുമ്പ് ചെയ്തത് പോലെ കുടുംമ്പത്തിലെ ഓരോരുത്തരുടെയും തിരിച്ചറിയൽ കാർഡ് നമ്പർ നൽകി ഫാമിലിയിലെ മുഴുവൻ ആൾക്കാരെയും ഒരു വീട്ടിൽ ഉൾപ്പെടുത്താൻ സാധിക്കും
13. അതിന് ശേഷം "VIEW MY FAMILY TREE" ബട്ടൺ അമർത്തി മുഴുവൻ പേരുടേയും ഡോക്യുമെൻറ് വെരിഫിക്കേഷൻ, തിരുത്തൽ എന്നിവ ചെയ്യാൻ സാധിക്കും
14. താങ്കളുടെ വ്യക്തിഗത വിവരങ്ങൾ നൽകി കഴിയുമ്പോൾ മുഴുവൻ ആൾക്കാരുടേയും വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖകൾ സമർപ്പിച്ച ശേഷം "FINALISE MY FAMILY TREE" ബട്ടൺ അമർത്തുക
15. വോട്ടർ പട്ടികയിൽ പുതുതായി കുടുമ്പത്തിലെ ആരുടെയെങ്കിലും പേര് ചേർക്കാനുണ്ടെങ്കിൽ "NEW VOTER REGISTRATION" ബട്ടൺ ഉപയോഗിച്ച് പുതിയ വോട്ടർമാരുടെ പട്ടികയിൽ പേര് ചേർക്കാം
16. "NEW VOTER REGISTRATION (prospective)" ബട്ടൺ ഉപയോഗിച്ച് ഭാവി വോട്ടർമാരുടെ വിവരങ്ങൾ നൽകാനും അവർ 18 വയസ്സ് പൂർത്തിയാകുന്ന സമയത്ത് സ്വമേധയാ പേര് ചേർക്കാനുള്ള നിർദ്ദേശങ്ങൾ താങ്കൾക്ക് എസ് എം എസ് വഴി ലഭിക്കുകയും ചെയ്യും